പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *294 22.6.2012-ൽ മറുപടിയ്ക്ക്

## 'കിസാൻ അഭിമാൻ' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ഗുരുദാസൻ**<br>**,, വി.ചെന്താമരാക്ഷൻ**<br>**,, കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നെൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് 'കിസാൻ അഭിമാൻ' പദ്ധതി പ്രകാരമുള്ള പെൻഷൻ ഇപ്പോഴും നൽകുന്നുണ്ടോ; | (എ) കിസാൻ അഭിമാൻ പദ്ധതി പ്രകാരം സംസ്ഥാനത്തെ 13713 നെൽകർഷകർക്ക് ആഗസ്റ്റ് 2009 മുതൽ സെപ്റ്റംബർ 2011 വരെ പ്രതിമാസം 300/- രൂപ നിരക്കിൽ പെൻഷൻ നൽകിയിട്ടുണ്ട്. ഒക്ടോബർ 2011 മുതൽ തുടർന്നുള്ള കുടിശ്ശിക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പെൻഷൻ അർഹരായ കർഷകർക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; പെൻഷനർഹതയുള്ളവരുടെ എണ്ണം ജില്ലതിരിച്ച് വിശദമാക്കാമോ; | (ബി) കിസാൻ അഭിമാൻ പദ്ധതി പ്രകാരം 13713 നെൽകർഷകർക്ക് ആഗസ്റ്റ് 2009 മുതൽ സെപ്റ്റംബർ 2011 വരെ പ്രതിമാസം 300/- രൂപ നിരക്കിൽ കൃത്യമായി കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ പെൻഷൻ തുക നിക്ഷേപിച്ചിട്ടുണ്ട്. ഒക്ടോബർ 2011 മുതൽ നാളിതുവരെയുള്ള കുടിശ്ശിക നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>കിസാൻ അഭിമാൻ പദ്ധതി പ്രകാരം പെൻഷൻ അനുവദിച്ചിട്ടുള്ള കർഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | - 327 |
| കൊല്ലം | - 215 |
| പത്തനംതിട്ട | - 274 |
| ആലപ്പുഴ | - 1550 |

| | |
|---|---|
| കോട്ടയം | - 691 |
| ഇടുക്കി | - 193 |
| എറണാകുളം | - 814 |
| തൃശ്ശൂർ | - 1348 |
| മലപ്പുറം | - 997 |
| പാലക്കാട് | - 4311 |
| കോഴിക്കോട് | - 654 |
| വയനാട് | - 501 |
| കണ്ണൂർ | - 1491 |
| കാസർഗോഡ് | - 347 |
| ആകെ | - 13713 |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ പെൻഷൻ വിതരണത്തിൽ എത്ര മാസത്തെ കുടിശ്ശിക ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ; | (സി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഒക്ടോബർ 2011 മുതൽ മാർച്ച് 2012 വരെ 6 മാസത്തെ കുടിശ്ശിക നൽകാനുണ്ട്. |
| (ഡി) | കുടിശ്ശിക പൂർണമായും വിതരണം ചെയ്യാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉപധനാഭ്യർത്ഥന മുഖേന 2011-12-ൽ കർഷക പെൻഷനു അനുവദിച്ച് കിട്ടിയ 10 കോടി രൂപ (പത്ത് കോടി രൂപ മാത്രം) മാറി കൃഷി ഡയറക്റുടെ പേരിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ നിന്നും കുടിശ്ശിക പെൻഷൻ ഉൾപ്പെടെ നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | തന്നാണ്ടിൽ പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ? | (ഇ) | ഉണ്ട്. ഏപ്രിൽ 2012 മുതൽ ജൂൺ 2012 വരെ ഉള്ള പെൻഷൻ കുടിശ്ശികയും നൽകാനുണ്ട്. ഒക്ടോബർ 2011 മുതൽ ജൂൺ 2012 വരെയുള്ള മുഴുവൻ പെൻഷൻ കുടിശ്ശികയും നല്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**